## പത്രക്കുറിപ്പ്

# നഗരത്തിലെ വീടുകളിൽ വൻ കവർച്ചകൾ നടത്തിയ മൂന്നംഗ മോഷണ സംഘം പിടിയിൽ

## തിരുവനന്തപുരം സിറ്റി പോലീസ് ഡിസ്ട്രിക്ട് ട്രെയിനിംഗ് സെന്റർ ഉദ്ഘാടനം ഇന്ന്

## പോലീസ് വാഹനം അടിച്ച് തകർത്ത കേസ്സിലെ രണ്ടാം പ്രതി പിടിയിൽ

തിരുവനന്തപുരം :- നഗരത്തിൽ വിവിധ പോലീസ് സ്റ്റേഷൻ പരിധികളിലെ വീടുകളിൽ നിന്നും സ്വർണ്ണവും പണവും കവർച്ച ചെയ്ത മൂന്നംഗ സംഘത്തെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മെഡിക്കൽ കോളേജ് വാർഡിൽ ഈന്തിവിള ലെയിൻ പുതുവൽ



മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്ത
ബാഹുലേയൻ (54), സുനിൽ ഉപ്പ (40), സാബു (43)

പുത്തൻ വീട്ടിൽ ബാഹുലേയൻ (54), വിളവൂർക്കൽ മലയം മേപ്പറക്കുഴി വടക്കതിൽ വീട്ടിൽ സുനിൽ ഗുപ്ത (40), കുവളശേരി അരുവിക്കര സാജു നിവാസിൽ സാബു (43) എന്നിവരെയാണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്.

മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ പരിധിയിലെ പട്ടം സെന്റ് മേരീസ് ലെയിനിൽ മോഹനന്റെ വീട്ടിൽ ജനുവരി 10–ന് രാത്രി ജനൽ കമ്പി വളച്ച് അകത്ത് കടന്ന് ആറര പവൻ തൂക്കം വരുന്ന സ്വർണ്ണാഭരണങ്ങളും 12,000/– രൂപയും കവർച്ച നടത്തിയ കേസിലാണ് ഇവരെ അറസ്റ്റ് ചെയ്തത്. പ്രതികളെ ചോദ്യം ചെയ്തതിലും മറ്റ് അന്വേഷണങ്ങൾ നടത്തിയതിലും പേരൂർക്കട പോലീസ് സ്റ്റേഷൻ പരിധിയിൽ പട്ടം മരപ്പാലത്തെ വീട്ടിൽ, വീട്ടുകാർ ടൂർ പോയ സമയം പൂട്ടിയിട്ടിരുന്ന വീടിന്റെ മുൻവശം വാതിൽ പൊളിച്ച് അകത്ത് കയറി 35 പവൻ സ്വർണ്ണാഭരണവും 35,000/– രൂപയും മോഷണം ചെയ്തെടുത്തതും, വഞ്ചിയൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ ഇലഞ്ഞിപ്പുറത്തെ വീട്ടിൽ നിന്നും ജനൽക്കമ്പി വളച്ച് അകത്ത് കടന്ന് 15 ഗ്രാം സ്വർണ്ണവും 20,000/– രൂപയും മോഷ്ടിച്ചതും, നേമം വള്ളംകോടിലെ വീട്ടിൽ നിന്നും 7 പവനും 40,000/– രൂപയും കവർച്ച ചെയ്തതും കൂടാതെ, മ്യൂസിയം പോലീസ് സ്റ്റേഷൻ പരിധിയിലെ കുന്നുകുഴിയിലെ വീട്ടിലെ അടുക്കളയിലെ ജനൽകമ്പി വളച്ച് അകത്ത് കടന്ന് 8000 രൂപയും മൊബൈൽ ഫോണും, വീട്ടുമുറ്റത്ത് നിന്നും ബൈക്ക് മോഷ്ടിച്ചെടുത്തതും ഉൾപ്പെടെ നിരവധി മോഷണങ്ങൾ പ്രതികൾ നടത്തിയതായി തെളിഞ്ഞിട്ടുണ്ട്. ബഹുലേയനാണ് മോഷണ സംഘത്തലവൻ. ബാഹുലേയനും സുനിൽ ഗുപ്തയും പകൽ സമയങ്ങളിൽ മോഷണം നടത്താനായി വീടുകൾ കണ്ടു വയ്ക്കും. രാത്രി ഇരുവരും അവിടെ എത്തി വാതിൽ പൊളിച്ചും ജനൽക്കമ്പി വളച്ച് അകത്ത് കടന്നുമാണ് മോഷണം നടത്തുന്നത്. ആൾതാമസമുള്ള

വീടുകളിൽ ജനൽക്കമ്പി വളച്ച് അകത്ത് കടന്ന് മോഷണം നടത്തുന്നത് ബാഹുലേയനാണ്. ഈ സമയം സുനിൽ ഗുപ്ത പരിസരം വീക്ഷിച്ച് പുറത്ത് നിൽക്കുകയും ചെയ്യും. ആളില്ലാത്ത വീടുകളിൽ വാതിൽ പൊളിച്ച് ഇരുവരും അകത്ത് കടന്നാണ് കവർച്ച നടത്തുന്നത്. മോഷണമുതലുകൾ സാബു മുഖേന വിൽപ്പന നടത്തുന്നതുമാണ് ഇവരുടെ രീതി. നഗരത്തിലെ വിവിധ സ്റ്റേഷൻ പരിധികളിൽ സമീപകാലത്തായി സമാന രീതിയിലുള്ള മോഷണങ്ങൾ നടന്നതിനെ തുടർന്ന് പ്രതികളെ പിടികൂടുന്നതിനായി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ.ദിവ്യ.വി.ഗോപിനാഥിന്റെ നിർദ്ദേശാനുസരണം പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചിരുന്നു. അന്വേഷണസംഘം മോഷണം നടന്ന വീടുകളിൽ നിന്നും ശാസ്ത്രീയതെളിവുകൾ ശേഖരിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതികൾ വലയിലായത്. സ്ഥിരം മോഷ്ട്ടാവായ ബാഹുലേയന് 2003 മുതൽ ഇതുവരെ മെഡിക്കൽ കോളേജ് സ്റ്റേഷനിലെ 25 കേസ്സുകൾ ഉൾപ്പെടെ സിറ്റിയിലെ വിവിധ സ്റ്റേഷനുകളിലായി 43 മോഷണക്കേസ്സുകൾ നിലവിലുണ്ട്. സുനിൽ ഗുപ്തയ്ക്ക് മെഡിക്കൽകോളേജ്, പേരൂർക്കട, ബാലരാമപുരം കഴക്കൂട്ടം, തുടങ്ങിയ സ്റ്റേഷനുകളിലും സാബുവിന് മെഡിക്കൽകോളേജ്, കന്റോൺമെന്റ്,കാട്ടാക്കട തുടങ്ങിയ സ്റ്റേഷനുകളിലും കേസുകൾ നിലവിലുണ്ട്. തുമ്പ സ്റ്റേഷനിലെ കേസിൽ ഉൾപ്പെട്ട് ജയിലിൽ കഴിയവെയാണ് അവിടെ വച്ച് സുനിൽ ഗുപ്തയുമായി പരിചയപ്പെട്ട് മോഷണങ്ങൾ ആസൂത്രണം ചെയ്തതും ജാമ്യത്തിൽ പുറത്തിറങ്ങി ഇരുവരും ചേർന്ന് മോഷണങ്ങൾ നടത്തിയതും. മെഡിക്കൽ കോളേജ് എസ്. എച്ച്. ഒ ഹരിലാൽ, എസ്. ഐ മാരായ പ്രശാന്ത്, ജ്യോതിഷ്, യശോധരൻ, അരുൺകുമാർ, എ.എസ്.ഐ സാബു.റ്റി.ജെ, എസ്.സി.പി.ഒ മാരായ രഞ്ജിത്, ജ്യോതി, വിനോദ്.എസ്, വിനോദ്.ബി, സി.പി.ഒ മാരായ വിനീത്, പ്രതാപൻ,

അരുൺ എന്നിവരടങ്ങിയ പ്രത്യേക അന്വേഷണ സംഘമാണ് അന്വേഷത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## തിരുവനന്തപുരം സിറ്റി പോലീസ് ഡിസ്ട്രിക്ട് ട്രെയിനിംഗ് സെന്റർ ഉദ്ഘാടനം ഇന്ന്

തിരുവനന്തപുരം :- തിരുവനന്തപുരം സിറ്റിയിലെ പോലീസ് ഉദ്യോഗസ്ഥർക്ക് വിവിധ പരിശീലന ക്ലാസ്സുകൾ നടത്തുന്നതിലേയ്ക്കായി സിറ്റി പോലീസ് കമ്മീഷണർ ഓഫീസിൽ പുതുതായി പണികഴിപ്പിച്ച ആധുനിക സൗകര്യങ്ങളോടു കൂടിയ *'ഡിസ്ട്രിക് ട്രെയിനിംഗ് സെന്റർ'* -ന്റെ ഉത്ഘാടനം ഇന്ന് (02.02.2021) വൈകിട്ട് 6.00 മണിയ്ക്ക് ബഹു. കേരളാ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഓൺലൈനായി നിർവ്വഹിക്കും. ബഹു. സഹകരണ-ടൂറിസം-ദേവസ്വം വകുപ്പ് മന്ത്രി ശ്രീ.കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ശ്രീ. വി.എസ്.ശിവകുമാർ എം.എൽ.എ, ഡോ.ശശി തരൂർ എം.പി, ബഹു. കോർപ്പറേഷൻ മേയർ ആര്യ രാജേന്ദ്രൻ, സംസ്ഥാന പോലീസ് മേധാവി ശ്രീ. ലോക്നാഥ് ബെഹറ ഐ.പി.എസ്, എ.ഡി.ജി.പി ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ്, എ.ഡി.ജി.പി വിജയ്സാഖറെ ഐ.പി.എസ്, ഐ.ജി.പി-യും സിറ്റി പോലീസ് കമ്മീഷണറുമായ ശ്രീ.ബൽറാം കുമാർ ഉപാദ്ധ്യായ ഐ.പി.എസ്, ഡെപ്യൂട്ടി പോലീസ് കമ്മീഷണർമാരായ ഡോ.ദിവ്യ.വി.ഗോപിനാഥ് ഐ.പി.എസ്, ശ്രീ. പി.എ.മുഹമ്മദ് ആരിഫ്, വാർഡ് കൗൺസിലർ ശ്രീ. മാധവദാസ് എന്നിവർ പങ്കെടുക്കും.

2018-19-ലെ സ്റ്റേറ്റ് പ്ലാൻ ഫണ്ട് സ്കീം പ്രകാരമാണ് രണ്ട് നിലകളിലായി 5265 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിലുള്ള കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. ഇതിന്റെ രൂപകല്പനയും നിർമ്മാണവും മേൽനോട്ടവും നിർവ്വഹിച്ചത് പ്രമുഖ




വാസ്തുശില്പി പത്മശ്രീ. ഡോ. ജി.ശങ്കറിന്റെ നേതൃത്വത്തിൽ ഹാബിറ്റാറ്റ് ഗ്രൂപ്പ് ആണ്. താഴത്തെ നിലയിൽ 100 പേർക്ക് ട്രെയ്നിംഗ് നൽകാനാവുംവിധം കോൺഫറൻസ് ഹാളും റിസപ്ഷൻ ഏരിയയും, ഒന്നാം നിലയിൽ ആധുനിക സജ്ജീകരണങ്ങളോട്ട കൂടിയ കമ്പ്യൂട്ടറൈസ്ഡ് ക്ലാസ്സ് മുറികളും രണ്ട് ഗസ്റ്റ് മുറികളുമാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. കേരളീയ വാസ്തു ശില്പ മാതൃകയിലാണ് ഈ ട്രെയിനിംഗ് സെന്റർ കെട്ടിടം രൂപകല്പന ചെയ്തിരിക്കുന്നതെന്ന് ഡെപ്യൂട്ടി കമ്മീഷണർ ഡോ.ദിവ്യ വി ഗോപിനാഥ് അറിയിച്ചു.

## പോലീസ് വാഹനം അടിച്ചു തകർത്ത കേസ്സിലെ രണ്ടാം പ്രതി പിടിയിൽ

തിരുവനന്തപുരം :- തിരുവല്ലം പോലീസ് സ്റ്റേഷൻ വാഹനം അടിച്ചു തകർത്ത കേസ്സിലെ രണ്ടാം പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പെരുകാവ്വ് മഠത്തു വിളാകം പുതുവീട്ടുമേലെ അഭിജിത് ഭവനിൽ കഞ്ഞി എന്നു വിളിക്കുന്ന അനിരുദ്ധ് (21) – നെയാണ് തിരുവല്ലം

പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ഡിസംബർ 24-നാണ് കേസ്സിനാസ്പദമായ സംഭവം നടന്നത്. മോഷണക്കേസ്സിലെ പ്രതികളെ അന്വേഷിച്ച് പോയ പോലീസ് സംഘം സഞ്ചരിച്ച വാഹനം അജിത്തിന്റെ നേതൃത്വത്തിലുള്ള 13 അംഗസംഘം വണ്ടിത്തടം ശാന്തിപുരത്ത് വച്ച് തടഞ്ഞു നിർത്തി വാഹനത്തിന്റെ ചില്ല് അടിച്ചു തകർത്ത് കടന്നു കളയുകയായിരുന്നു. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതികളിൽ 11 പേരെ പോലീസ് നേരത്തെ പിടികൂടിയിരുന്നു. അന്വേഷണം തുടർന്ന് വരവെ ഫോർട്ട് അസ്സിസ്റ്റന്റ് കമ്മീഷണർ പ്രതാപൻ നായർക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണ് കേസ്സിലെ ഒന്നാം പ്രതിയായ ഇയാളെ പിടികൂടിയത്. തിരുവല്ലം എസ്.എച്ച്.ഒ സജികുമാർ, സി.പി. ഒ മാരായ അഖിലേഷ്, രാജീവ്, പ്രകാശ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.




തിരുവനന്തപുരം സിറ്റി
01-02-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി